**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4676 22.03.2018-ൽ മറുപടിയ്ക്ക്**

**<u>നികുതി പിരിവിലുണ്ടായ വർദ്ധനവ്</u>**

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നികുതി പിരിവിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നികുതി പിരിവിൽ 2016-17 സാമ്പത്തിക വർഷത്തിൽ 2886.29 കോടി രൂപയുടെയും 2017-18 ൽ 28.02.2018 വരെ ജി.എസ്.ടി കോമ്പൻസേഷൻ ഉൾപ്പെടെ 2201.47 കോടി രൂപയുടെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2017-18-ൽ ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ ലഭിക്കേണ്ട രണ്ട് ഗഡുവും (നവംബർ-ഡിസംബർ, ജനുവരി-ഫെബ്രുവരി മാസങ്ങളിലേത്) ഐ.ജി.എസ്.ടി. ഇനത്തിൽ ഫെബ്രുവരി മാസത്തിൽ ലഭിക്കേണ്ട തുകയും ഇതുവരെ ലഭിച്ചിട്ടില്ല. |
| (ബി) | കേന്ദ്ര സർക്കാർ നയം മൂലമുണ്ടായ നോട്ട് പ്രതിസന്ധി ഇക്കാര്യത്തിൽ എത്ര മാത്രം തടസ്സങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദീകരിക്കാമോ; | (ബി)<br>&<br>(സി) | 2016 നവംബർ മുതൽ നോട്ട് നിരോധനം വന്നതും 01.07.2017 മുതൽ വേണ്ടത്ര മുന്നൊരുക്കമില്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയതും സംസ്ഥാനത്തെ നികുതി വരുമാനത്തെപ്രതികൂലമായി ബാധിച്ചു. 01.07.2017 മുതൽ ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വരുമാനം ഗണ്യമായി വർദ്ധിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും. അത്തരത്തിലുള്ള വർദ്ധനവ് ഉണ്ടായില്ല.01.07.2017 മുതൽ സംസ്ഥാനത്ത് ജി.എസി.ടി. നടപ്പിലാക്കിയെങ്കിലും, ജി.എസി.ടി. സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തന ക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചു പ്രകാരമുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിന് കാലതാമസം നേരിടുന്നു. കേരളത്തിൽ മൊത്തം വാറ്റ് നികുതി |
| (സി) | ജി. എസ്. ടി. നടപ്പാക്കിയതിനു ശേഷം സംസ്ഥാനത്തെ നികുതി വരുമാനത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണ് ;വിശദാംശം വെളിപ്പെടുത്തുമോ? | | |

| | | | |
|---|---|---|---|
| | | | പിരിവിന്റെ 70 ശതമാനത്തോളം, 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം ആയി നിശ്ചയിച്ചു എങ്കിലും ഭൂരിഭാഗം ചരക്കുകൾക്കും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെ തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി,എസ്.ജി.എസ്.ടി അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേണിന്റെ മുഴുവൻ വിശദാംശങ്ങൾ ലഭിക്കുന്ന ജി.എസ്. ടി.എൻ. സോഫ്റ്റ് വെയർ പൂർണ്ണമായിട്ടില്ലാത്തതിനാൽ വിവരങ്ങൾ ലഭ്യമാകുന്നില്ല.ഇതും പ്രധാനമായുംഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ